## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.414 1/12/2015-ൽ മറുപടിക്ക്

## ഊർജ്ജ ഉൽപാദനം

**ചോദ്യം**

ശ്രീ.എം.ഹംസ

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) വൈദ്യുതി ഉൽപാദന രംഗത്ത് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പുറകിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(എ) ഇന്ധന ലഭ്യത, കുറഞ്ഞ ജനസാന്ദ്രത, ഭൂമിയുടെ ലഭ്യത, ആനുകൂല പാരിസ്ഥിത ഘടകങ്ങൾ തുടങ്ങിയ ഘടകങ്ങളിൽ പിന്നോക്കമായ കേരളത്തിലെ വൈദ്യുതി ഉത്പാദനം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകിലാണെന്നത് വസ്തുതയാണ്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ ശരാശരി ഉൽപാദനം എത്രയെന്ന് വ്യക്തമാ ക്കാമോ;

(സി) ഉൽപാദനവും ഉപഭോഗവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ എത്ര കുറ വാണ് അനുഭവപ്പെടുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി)യും (സി) യും

| വർഷം | ദൈനംദിന വാർഷിക ശരാശരി (ദശലക്ഷം യൂണിറ്റ്) | | |
|---|---|---|---|
| | ഉത്പാദനം | ഉപ ഭോഗം | വ്യത്യാസം |
| 2010-11 | 23.89 | 47.94 | 24.05 |
| 2011-12 | 24.4 | 52.29 | 27.89 |
| 2012-13 | 19.61 | 54.94 | 35.33 |
| 2013-14 | 25.72 | 56.87 | 31.15 |
| 2014-15 | 23.32 | 59.55 | 36.22 |

ആഭ്യന്തര ഉത്പാദനത്തിൽ കായംകുളം, ബി.എസ്.ഇ.എസ് നിലയങ്ങളിൽ നിന്നും കേരളത്തിന്റെ ആവശ്യത്തിനുള്ള ഉത്പാദനം മാത്രമാണ് കണക്കിലെടുത്തിട്ടുള്ളത്.

(ഡി) ഊർജ്ജ ഉൽപാദനം വർദ്ധിപ്പിക്കു ന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പ്രോജക്ട് വൈസ് റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കീഴിൽ, ജനറേഷൻ മേഖലയിൽ 5 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി 18.75MW വൈദ്യുത ശൃംഖലയിലേക്ക് കൂട്ടിച്ചേർത്തിട്ടുണ്ട്. കൂടാതെ

| | | |
|---|---|---|
| | | പുനരുദ്ധാരണ-നവീകരണ പ്രവർത്തനംവഴി 9 MW-ന്റെ സ്ഥാപിതശേഷി വർദ്ധനവും ഇക്കാലയളവിൽ ഉണ്ടായിട്ടുണ്ട്.<br><br>ഇതിനുപുറമെ സ്വകാര്യമേഖലയിലെ പദ്ധതികൾവഴി 1516 MW-ഉം കൂട്ടിച്ചേർത്തിട്ടുണ്ട്. പ്രോജക്ട് വൈസ് പട്ടിക അനുബന്ധമായി ചേർക്കുന്നു.<br><br>ഇക്കാലയളവിൽ 63.6 MW-ന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 218.9 MW-ന്റെ 18 ജലവൈദ്യുത പദ്ധതികൾക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 47.5 MW-ന്റെ 6 പദ്ധതികൾ ഒരു വർഷത്തിനകം ലാൻഡ് അക്വിസിഷൻ പൂർത്തിയാക്കി ടെണ്ടർ ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>ഇതുകൂടാതെ ആതിരപ്പിള്ളി (163 MW) പദ്ധതി കോടതിയിൽ നിലനിൽക്കുന്ന കേസ് തീരുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.<br><br>സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| ഇ) | ട്രാൻസ്മിഷൻ &ഡിസ്ട്രിബ്യൂഷൻ ലോസ്സ് കുറയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദീകരിക്കാമോ; ട്രാൻസ്മിഷൻ ലോസ്സ് കൂടുതലാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (ഇ) സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി ആവശ്യമാണെന്നു കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

കൂടാതെ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷനുകളിൽ കപ്പാസിറ്റർ ബാങ്ക് സ്ഥാപിക്കുവാനും ഫീഡറുകളിലെ ലോഡും, സബ്സ്റ്റേഷൻ ഫീഡ് ചെയ്യുന്ന രീതികളും സ്വീകരിച്ചുവരുന്നു.

ഉല്പാദക കേന്ദ്രങ്ങൾ ലോഡ്സെന്ററിൽ നിന്നും ദൂരെ ആയിരിക്കുന്നതും, ഉപഭോഗം കൂടുന്നത് അനുസരിച്ച് ആഭ്യന്തര വൈദ്യുതി ഉത്പാദനവും അനുബന്ധ പ്രസരണ ശൃംഖലകൾ ഉണ്ടാകാത്തതും പ്രസരണ നഷ്ടം കൂടാൻ കാരണമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**